# MEMENTO RECEIVED FROM STATE POLICE CHIEF

Sri.Fakrudeen Moosa ASI, Marayoor received a memento from State Police Chief Kerala in connection with Good work done at Edamalakudy Tribal Janamaithry.





മൂന്നാർ ജനമൈത്രി പൊലീസ് മൂന്നാർ മർച്ചന്റ്സ് അസോസിയേഷന്റെ സഹായത്തോടെ ഇടമലക്കുടിയിലെ തങ്കമ്മയ്ക്ക് ചികിത്സാ ധനസഹായം കൈമാറുന്നു.

# ചികിത്സാ സഹായവുമായി ജനമൈത്രി പൊലീസ്

മൂന്നാർ • മർച്ചന്റ്സ് അസോസിയേഷന്റെ സഹായത്തോടെ ഇടമലക്കുടിയിലെ ആദിവാസി സ്ത്രീക്ക് ചികിത്സാ സഹായവുമായി ജനമൈത്രി പൊലീസ്. ഇടമലക്കുടി ഷെഡ്ഡുകുടിയിലെ മുരുകേശിന്റെ ഭാര്യ തങ്കമ്മ (40)യ്ക്കാണ് വിദഗ്ധ ചികിത്സാ സഹായം ലഭ്യമാക്കിയത്.

തൊഴിലുറപ്പു പദ്ധതിയിൽ പണി എടുക്കുന്നതിനിടെ തങ്കമ്മയുടെ വലതു കൈപ്പത്തി പകുതിയോളം മുറിഞ്ഞിരുന്നു. മുറിവ് ഉണങ്ങിയെങ്കിലും കൈപ്പത്തിയുടെ ചലനശേഷി നഷ്ടപ്പെട്ടതിനാൽ ഇവർക്കു കൂലിപ്പണിക്കു പോകുവാനോ വീട്ടുജോലികൾ ചെയ്യുവാനോ കഴിഞ്ഞിരുന്നില്ല. വ്യാപാരി-വ്യവസായി ഏകോപന സമിതി മൂന്നാർ യൂണിറ്റിനു കീഴിൽ പ്രവർത്തിക്കുന്ന ചാരിറ്റി കമ്മിറ്റി മുഖേനയാണു ജനമൈത്രി പൊലീസ് ഇവർക്കു വിദഗ്ധ ചികിത്സയ്ക്കു ധനസഹായം നൽകിയത്. മൂന്നാർ ട്രൈബൽ ജനമൈത്രി സിആർഒ: എ.എം. ഫക്രുദ്ദീൻ, ബീറ്റ് ഓഫിസർ വി.കെ. മധു, വി.വി. ജോർജ് എന്നിവരുടെ സാന്നിധ്യത്തിൽ മർച്ചന്റ് അസോസിയേഷൻ ചാരിറ്റി കമ്മിറ്റി ചെയർമാൻ സാജു വർഗീസ് തങ്കമ്മയ്ക്കു തുക കൈമാറി.